പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2907.

20.03.2015 ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.എ. വാഹീദ്**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചക വാതക ടാങ്കർ തൊഴിലാഴികളുടെയും ഗ്യാസ് ഫില്ലിംങ് തൊഴിലാളികളുടെയും സമരം കാരണം പാചക വാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പാചകവാതക ഫില്ലിംങ്, വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | (ബി) പാചകവാതക വിതരണവും നീക്കവും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. പാചകവാതക ഫില്ലിംഗ് പോലെയുള്ള സേവനങ്ങൾ അവശ്യസർവ്വീസിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ